# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4797**

**27.06.2014 - ൽ മറുപടിക്ക്**

## കേര ബയോപാർക്കുകൾ

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ഷാഫി പറമ്പിൽ

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** സംസ്ഥാനത്ത് കേര ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | **എ)** സംസ്ഥാനത്ത് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എം.എസ്.)187/2012/കൃഷി തീയതി 28/07/13 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് പദ്ധതി നടത്തിപ്പിനായി കൃഷി വകുപ്പ് മന്ത്രി ചെയർമാനായി അഗ്രിബയോപാർക്ക് - കേരള ഒരു സൊസൈറ്റിയായി 2013 ആഗസ്റ്റ് 23-ാം തീയതി തിരുവനന്തപുരം രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **ബി)** കേര ബയോപാർക്കുകൾ വഴി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **ബി)** നാളികേര മൂല്യവർദ്ധനവിലൂടെ കേര കർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനും കേര മേഖലക്ക് നവജീവൻ പകരുന്നതിനുമാണ് സംസ്ഥാന സർക്കാർ കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡെസ്സിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക്, കോക്കനട്ട് ക്രീം, സ്പ്രേ ഡ്രൈഡ് കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ചിപ്സ്, കോക്കനട്ട് വിനിഗർ, പായ്ക്ക് ചെയ്ത ഇളനീർ, കോക്കനട്ട് ഷെൽ പൗഡർ, ഷെൽ ചാർക്കോൾ, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയ ഉല്പന്നങ്ങൾ എല്ലാം ബയോപാർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **സി)** നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നസംരംഭങ്ങൾക്കും, സംരംഭകർക്കും സാങ്കേതിക സഹായവും താമസ സൗകര്യവും നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ബയോപാർക്കുകളിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>**ഡി)** ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | **സി) & ഡി)** നാളീകേരത്തിന്റെ മൂല്യവർദ്ധനവിനായി കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ ചേലക്കരയിലുള്ള ജില്ല കൃഷിത്തോട്ടം തെരഞ്ഞെടുക്കുകയും ടി ഫാമിലെ 25 ഏക്കർ സ്ഥലം ഇതിനായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് കോക്കനട്ട് ബയോപാർക്ക് ഓഫീസ് കം ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപന കർമ്മം ബഹു. കൃഷി വകുപ്പുമന്ത്രി 28/02/2014-ൽ നിർവഹിക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. സംരംഭങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉല്പന്നങ്ങളുടെ പരിശോധനയ്ക്കും വിപണനത്തിനുമുള്ള സൗകര്യങ്ങളെല്ലാം ബയോപാർക്കിൽ സജ്ജമാക്കുന്നതാണ്. ബയോപാർക്കിനാവ |

ശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുന്നതാണ്. കോക്കനട്ട് ബയോപാർക്കിന് ആവശ്യമായ തുക ഇപ്പോൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഉപധനാഭ്യർത്ഥന മുഖേന 15 കോടി രൂപ അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Swapna

**സെക്ഷൻ ഓഫീസർ**